വ്യത്യസ്തനായ രാഷ്ട്രീയക്കാരൻ

രാഷ്ട്രീയക്കാരൻ എന്നു കേൾക്കുമ്പോൾ ജനമനസ്സിൽ പെട്ടെന്നു തെളിയുന്ന ഒരു ചിത്രമുണ്ട്. അഴിമതിക്കാരൻ, അഹംഭാവി, കപടനാട്യക്കാരൻ എന്നിങ്ങനെ പോകുന്നു ആ ചിത്രത്തിലെ രാവണമുഖങ്ങൾ. രാഷ്ട്രീയക്കാരെ രാവണമുഖരായി ചിത്രീകരിക്കാൻ മാധ്യമങ്ങളും മതനേതാക്കളും സമുദായനേതാക്കളും അധ്യാപകരും ബുദ്ധിജീവികളും ഒന്നിനൊന്നു മത്സരിക്കുകയാണ്. രാഷ്ട്രീയക്കാരിൽ ഇപ്പറഞ്ഞ ദുർമുഖക്കാർ ഉണ്ടെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. സമൂഹത്തിൽ ഏതു തലത്തിലാണ് ദുർമുഖക്കാരില്ലാത്തത്? ബുദ്ധിജീവികളിലും അധ്യാപകരിലും സമുദായനേതാക്കളിലും മതനായകരിലും മാധ്യമപ്രവർത്തകരിലും ഇത്തരക്കാരെ കണ്ടുമുട്ടാൻ ഒരു പ്രയാസവുമില്ല. എങ്കിലും, സമകാലിക കേരളത്തിൽ രാഷ്ട്രീയക്കാരന്റെ പ്രതിനിധാനത്തിലാണ് രാവണത്തം ഏറെ തെളിഞ്ഞുകാണുന്നത്. രാഷ്ട്രീയക്കാരോടുള്ള അവജ്ഞ അരാഷ്ട്രീയവാദത്തിലേക്ക് സാമാന്യക്കാരെ നയിക്കുന്നു. രാഷ്ട്രീയം ഒഴിവാക്കിയാൽ എല്ലാം വെടിപ്പാകും എന്നാണ് അവരുടെ ധാരണ. പ്രബലവും അപകടകരവുമായ ഈ രാഷ്ട്രീയവിരോധം രാജ്യത്തിന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കും നന്മയ്ക്കും ഹാനികരമാണ്. ഇന്ന് ഭൂമിയിൽ ലഭ്യമായ ഭരണക്രമങ്ങളിൽ അതിവിശിഷ്ടമാണ് ജനാധിപത്യം. സ്വതന്ത്രവും ഊർജ്ജസ്വലവുമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെയാണ് ജനാധിപത്യം നിലനിൽക്കുന്നത്. നിഷ്പക്ഷമായി ചിന്തിക്കുന്നവർ പോലും കണ്ണുമടച്ച് രാഷ്ട്രീയ വിരോധം പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ ഖേദം തോന്നുന്നു. ഭരണപക്ഷവും പ്രതിപക്ഷവുമായി തിരിഞ്ഞ് തത്ത്വനിഷ്ഠമായി രാഷ്ട്രീയക്കാർ വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നതു പതിവു കാഴ്ചയാണ്. അത്തരം സംവാദങ്ങളിലൂടെ ജനാധിപത്യം നിലനിൽക്കുന്നു.

ജനാധിപത്യ സംവാദങ്ങളുടെ കാര്യത്തിൽ സമ്പന്നമാണു കേരളം. പാർട്ടികളും പാർട്ടികൾക്കുള്ളിൽ ഗ്രൂപ്പുകളും തർക്കിച്ചു നീങ്ങുന്നതു കാണുമ്പോൾ ആഹ്ലാദിക്കുകയാണു വേണ്ടത്. എന്നാൽ, സമൂഹമനസ്സിന്റെ പിന്നിൽ ഒരു ദുർഭൂതം നിൽക്കുന്നുണ്ട്. അതിന്റെ പേരാണ് ഏകാത്മകതാവാദം. അതിന്റെ സന്ദേശം ഇതാണ്: അഭിപ്രായവ്യത്യാസങ്ങൾ വേണ്ട. വാദപ്രതിവാദങ്ങൾ വേണ്ട. സുപരിചിതമായ സത്യം ഞങ്ങളുടെ പക്കലുണ്ട്. അത് സ്വീകരിക്കുകയേ വേണ്ടൂ. സ്വീകരിച്ചില്ലെങ്കിലോ? "കാറ്റടിക്കുമ്പോൾ നെൽച്ചെടി തല കുനിക്കുന്നു; അല്ലെങ്കിൽ അത് ഒടിഞ്ഞു പോകും" എന്ന ചൈനീസ് പഴമൊഴിയിലെ തത്ത്വമാണ് അതു വിളംബരം ചെയ്യുന്നത്. ഇതാണു രാഷ്ട്രീയക്കാർ പ്രസംഗിക്കുന്നത് എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? അത്തരക്കാർ ഉണ്ടെങ്കിൽ കൊല്ലും കൊലയുമായി നടക്കുന്ന ഇക്കൂട്ടരെ ഏറ്റവും ശക്തമായി നേരിടുന്നത് രാഷ്ട്രീയ പ്രവർത്തകരാണ്. രാഷ്ട്രീയക്കാരാകട്ടെ നിരന്തരം വിചാരണ ചെയ്യപ്പെടുന്നു. മറ്റു മണ്ഡലങ്ങളിൽ ഉള്ളവർ സ്വയം അധികാരവും ദൈവനിശ്ചയവും പ്രത്യയശാസ്ത്രവും ധർമ്മശാസ്ത്രവും മറയാക്കി സത്യത്തിന്റെ കുത്തക അവകാശപ്പെടുന്നു. രാഷ്ട്രീയ പ്രബുദ്ധത സമൂഹത്തിനു കൂടിയേതീരൂ എന്ന ഘട്ടം എത്തിയിരിക്കുന്നു. അവിടെയാണ് കെ. ജെ. ചാക്കോയുടെ, വീണ്ടുവിചാര രൂപത്തിലുള്ള രചനയുടെ പ്രാധാന്യം.

കെ. ജെ. ചാക്കോയുടെ ഗ്രന്ഥം സമകാലിക കേരളത്തിൽ വിശദമായ ചർച്ചകൾ അർഹിക്കുന്നു. കേരളാ കോൺഗ്രസിന്റെ ഉത്പത്തിവികാസങ്ങളെക്കുറിച്ച് പലരും എഴുതിയിട്ടുണ്ട്. ചങ്ങനാശേരിയിലെ ഒരു രാഷ്ട്രീയ പ്രവർത്തകന്റെ കാഴ്ചപ്പാടിൽ കേരളാ കോൺഗ്രസ് ചരിത്രം പുനരവലോകനം ചെയ്യുന്നു. ചോദിച്ചു വാങ്ങാതെ മുനിസിപ്പൽ ചെയർമാൻ സ്ഥാനവും എം.എൽ.എ. പദവിയും മന്ത്രിസ്ഥാനവും കെ. ജെ. ചാക്കോയെ തേടിവരുന്നു. ശക്തമായ ഇഷ്ടാനിഷ്ടങ്ങളുടെ വ്യക്തിയാണ് കെ.ജെ. ചാക്കോ. ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും അദ്ദേഹം മറച്ചുവയ്ക്കുന്നില്ല. കെ. എം. ജോർജിനെക്കുറിച്ച് എഴുതുമ്പോൾ വികാരാധീനനായെങ്കിലും, പരിമിതമായ വാക്കുകളിൽ ഒരു വികാരക്കടൽ സൃഷ്ടിക്കുന്നു. ഇഷ്ടമില്ലാത്ത കേരളാ കോൺഗ്രസുകാരെക്കുറിച്ചെഴുതുമ്പോൾ എഴുത്ത് അമർഷഗാഥയായി മാറുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട് രാഷ്ട്രീയം മാത്രമാണ് രച

നയുടെ ഉള്ളടക്കം എന്നു ധരിക്കരുത്. കെ. ജെ. ചാക്കോയുടെ നർമ്മഭാവനയ്ക്ക് വേണ്ടുവോളം ഉദാഹരണങ്ങൾ പുസ്തകത്തിലുണ്ട്. കളിയും കാര്യവും കലർത്തിപ്പറയുന്ന ഒരു കാരണവരുടെ സത്യസന്ധതയും രസികത്വവും ലാളിത്യവും ഈ പുസ്തകത്തിന്റെ മാറ്റുകൂട്ടുന്നു. മൊത്തത്തിൽ പറഞ്ഞാൽ, നല്ല നാടോടിച്ചന്തമുണ്ട് കെ.ജെ. ചാക്കോയുടെ പുസ്തകത്തിന്.

പുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ കഥാപുരുഷനുണ്ടാകുന്ന വളർച്ച വായനക്കാർക്ക് അനുഭവപ്പെടും. 85-ാം വയസ്സിൽ കെ. ജെ. ചാക്കോ എത്തിനിൽക്കുന്നത് സഹകരണപ്രസ്ഥാനത്തെക്കുറിച്ചുള്ള വെളിപാടിലാണ്. ദീർഘകാലമായി കെ. ജെ. ചാക്കോയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന വാഴപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സേവനമേഖലയിലെ പ്രകാശഗോപുരമാണ്.

കെ.ജെ. ചാക്കോയുടെ ജീവചരിത്ര ഗ്രന്ഥമല്ല ഈ പുസ്തകം. സ്വജീവിതസ്പർശിയായ വീണ്ടുവിചാരങ്ങളാണ് പുസ്തകത്തിലുള്ളത്. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള ശൈലീപരമായ വ്യത്യാസം ഇവിടെ തെളിഞ്ഞുകാണാം. തങ്ങളുടെ പ്രിയപ്പെട്ട ചാക്കോച്ചിയുടെ (നാട്ടുകാർക്കും വീട്ടുകാർക്കും എല്ലാം അതാണ് കെ.ജെ. ചാക്കോ) ജീവിതകഥ പൂർത്തിയാകണമെങ്കിൽ പല കാര്യങ്ങളും ചോദിച്ചറിയേണ്ടതുണ്ട് എന്നു പ്രിയപ്പെട്ടവർക്കു തോന്നാം. അതിനുള്ള സൗകര്യം മറ്റൊരു ഗ്രന്ഥത്തിന്റെ രൂപത്തിലോ ഇതിൽത്തന്നെ അനുഭവരൂപത്തിലുള്ള അഭിമുഖസംഭാഷണത്തിലോ തരപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. രാഷ്ട്രീയപ്രവർത്തകന്റെ സത്യാത്മകതയും പ്രതിസന്ധികളും മനോനിലയും മനസ്സിലാക്കാൻ ഇത്തരം രചനകൾ കൂടിയേ തീരൂ. ചാക്കോച്ചിക്ക് സ്നേഹാശംസകൾ!

ഡോ. സ്കറിയാ സക്കറിയ